# മൂപ്പന്മാരുടെ പങ്ക്

പുതിയ നിയമ സഭയിൽ മൂപ്പന്മാർ ഉണ്ടായിരുന്നു എന്നു എല്ലാവരും സമ്മതിക്കും (പ്രവൃത്തികൾ 11:30; 14:23; 15:6; ഫിലിപ്പിയർ 1:1; തിത്തൊസ് 1:5; 1 പത്രൊസ് 5:1-5). എങ്ങനെയായാലും, അവരുടെ പ്രവൃത്തികളെ സംബന്ധിച്ചു എല്ലാവരും യോജിക്കുന്നില്ല. നാം പുതിയ നിയമം പിൻപറ്റുകയാണെങ്കിൽ, പ്രാദേശിക സഭയിൽ മൂപ്പന്മാരുടെ പങ്ക് അല്ലെങ്കിൽ ചുമതലകൾ എന്താണ്? പരിശുദ്ധാത്മാവാണ് മൂപ്പന്മാരെ വെച്ചത്. പ്രവൃത്തികൾ 20:28 പറയുന്നു, "നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ, പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച, ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ." എന്തു ജോലിയാണ് അവൻ അവർക്കു നല്കിയതു, അവർ എങ്ങനെ അതു ചെയ്യുമെന്നാണ് അവൻ പ്രതീക്ഷിക്കുന്നതു?

### മൂപ്പന്മാർ എന്തുചെയ്യുന്നു?

മൂപ്പന്മാർ എന്നു കേൾക്കുമ്പോൾ നമ്മുടെ ആധുനിക യുഗത്തിൽ വിചാരിക്കുന്നതു വലിയ കമ്പനികളിൽ ഡയറക്ടർ ബോർഡ് പ്രവർത്തിക്കുന്നതുപോലെ ആണെന്നാണ്. അങ്ങനെയാണോ കർത്താവു ഉദ്ദേശിച്ചത്?

### പുതിയ നിയമത്തിൽ എന്തു ജോലിയാണ് മൂപ്പന്മാർക്ക് നല്കിയിരിക്കുന്നത്?

*ആദ്യമായി, മൂപ്പന്മാർ വിശ്വസ്തരായിരിക്കണം.* പൗലൊസ് എഫെസ്യ മൂപ്പന്മാരോടു പറഞ്ഞു, "നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻ കൂട്ടത്തെ സൂക്ഷിച്ചുകൊൾവിൻ" (പ്രവൃത്തികൾ 20:28; എൻആർഎസ്വി). അവരുടെ ആദ്യ ഉത്തരവാദിത്വം തങ്ങൾ പാപത്തിൽ വീഴാതെ വിശ്വസ്തരായിരിക്കുകയാണ്. 1 പത്രൊസ് 5:3 അനുസരിച്ചു, മൂപ്പന്മാർ പ്രാഥമികമായി മാതൃക കാണിച്ചു നയിച്ചിരുന്നു, എന്ന് അവർ മനസ്സിലാക്കുമ്പോൾ, ഇത് വളരെ പ്രാധാന്യമുള്ളതാകും.

എബ്രായർ 13 ലെ രണ്ടു വാക്യങ്ങൾ ശ്രദ്ധിക്കുക. എബ്രായർ 13:17 പറയുന്നു, "നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു, അവർക്കു കീഴ്പ്പെട്ടിരിപ്പിൻ," എന്നാൽ വാക്യം 7 പറയുന്നു, "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു, നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു, അവരെ അനുകരിപ്പിൻ." ഈ രണ്ടു വാക്യങ്ങൾ തമ്മിലുള്ള ഒരു വ്യത്യാസം, വാക്യം 7-ൽ പറയുന്നവർ മരിച്ചു പോയവരാണ്, എന്നാൽ വാക്യം 17-ൽ ജീവിച്ചിരിക്കുന്നവരെ കുറിച്ചാണ് പറയുന്നത്. അങ്ങനെയെങ്കിൽ, അതു പറയുന്നതു, ചുരുങ്ങിയതു ഭാഗികമായി, ഒരു മൂപ്പൻ, ഒരു അദ്ധ്യക്ഷൻ എന്ന രീതിയിൽ, മറ്റുള്ളവർക്കു അനുകരിക്കത്തക്ക മാതൃക വിട്ടു കൊടുക്കണം, അങ്ങനെ "അയാളെ ഓർക്കുക ... അയാളുടെ വിശ്വാസം അനുകരിക്കുക" എന്നു അയാളെ കുറിച്ചു മറ്റുള്ളവർക്കു പറയുവാൻ കഴിയണം.

*രണ്ടാമതായി, മൂപ്പന്മാർക്കു നയിക്കുവാനുള്ള ഉത്തരവാദിത്വം നല്കിയിരിക്കുന്നു.* മൂപ്പൻ എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ എല്ലാം - "മൂപ്പൻ," "അദ്ധ്യക്ഷൻ," "ഇടയൻ," കൂടാതെ "മേയ്ക്കുന്നവൻ" - എന്നിവയെല്ലാം നേതൃത്വത്തെയാണ് സൂചിപ്പിക്കുന്നത്. പഴയ നിയമ കാലയളവിലെ രാജാക്കന്മാരെ മേയ്ക്കുന്നവർ എന്നു കണക്കാക്കിയിരുന്നു. പഴയ നിയമത്തിലും പുതിയ നിയമത്തിലും കർത്താവിനെ ഇടയൻ എന്നു വിളിച്ചിരിക്കുന്നു. പഴയ നിയമ കാലയളവിൽ അദ്ധ്യക്ഷന്മാരെ മൂപ്പന്മാർ എന്നു തിരിച്ചറിഞ്ഞിരുന്നു, പുതിയ നിയമത്തിലും ഗ്രീസിലും യെഹൂദ സമൂഹങ്ങളിലും അദ്ധ്യക്ഷന്മാർ മൂപ്പന്മാർ ആയിരുന്നു.

ചില വേദഭാഗങ്ങൾ മൂപ്പന്മാർ സഭയെ "ഭരിക്കുന്നതായി" പറയുന്നു. 1 തിമൊഥെയൊസ് 5:17 പറയുന്നു, "നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരേ തന്നെ ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക." കെജെവിയിൽ, എബ്രായർ 13:7 പറയുന്നതു "നിങ്ങളുടെ മേൽ ഭരിക്കുന്നവരെ" (എൻആർഎസ്വി: "നിങ്ങളുടെ അദ്ധ്യക്ഷന്മാർ"). സഭാംഗങ്ങൾ അദ്ധ്യക്ഷന്മാർക്കു കീഴ്പ്പെട്ടിരിക്കണം (പ്രത്യേകിച്ചു, മൂപ്പന്മാർക്ക്): "നിങ്ങളുടെ അദ്ധ്യക്ഷന്മാരെ അനുസരിച്ചു, അവർക്കു കീഴടങ്ങുവിൻ" (എബ്രായർ 13:17; ഒത്തുവാക്യം. 1 പത്രൊസ് 5:5).

ആ വേദഭാഗങ്ങളുടെ പ്രാധാന്യം എന്താണ്? അടിസ്ഥാനപരമായി, ആ വേദഭാഗങ്ങൾ പറയുന്നത് മൂപ്പന്മാരാണ് സഭയെ നയിക്കേണ്ടതു എന്നാണ്. ആത്മിയത കുറഞ്ഞവരെയും യോഗ്യത കുറഞ്ഞവരെയും സഭയെ നയിക്കുവാൻ അനുവദിച്ചു മൂപ്പന്മാർ സ്വയം ഒഴിഞ്ഞുമാറാവുന്നതല്ല; അതുപോലെ സഭയിൽ, അദ്ധ്യക്ഷന്മാരില്ലാതാക്കുകയുമരുത്.

മൂപ്പന്മാർ നയിക്കേണ്ടവരാണ് എന്ന വസ്തുത അവർ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ പോലെയോ, അല്ലെങ്കിൽ ഒരു സൈന്യത്തലവനെ പോലെയോ, ഒരു മേലധികാരിയെ പോലെയോ നയിക്കണം എന്ന് അർത്ഥമാക്കുന്നില്ല. സ്വേച്ഛാധിപത്യ നേതൃത്വത്തെ സൂചിപ്പിക്കുന്ന ഗ്രീക്കു വാക്കു പോലും - "അദ്ധ്യക്ഷൻ," അല്ലെങ്കിൽ "മേൽനോട്ടം" നടത്തുന്നവൻ (*എപിസ്ക്കോപോസ്*) - എന്നതിനു ആ അർത്ഥം അനിവാര്യമുള്ളതായി പറയുന്നില്ല. ആ വാക്കിന്റെ ക്രിയാരൂപത്തിനു "കരുതു

ക" എന്നാണ് അർത്ഥമാക്കുന്നത്.

*മൂന്നാമതു, ദുരുപദേഷ്ടാക്കളിൽ നിന്നു ആട്ടിൻകൂട്ടത്തെ സംരക്ഷിക്കണം.* തങ്ങളെയും ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊൾവാൻ പറഞ്ഞശേഷം, പൗലൊസ് എഫെസ്യ മൂപ്പന്മാരെ മുന്നറിയിക്കുന്നു, "ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ, നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു; ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി, വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ, നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും" (പ്രവൃത്തികൾ 20:29, 30). ഓരോ ചെന്നായയിൽ നിന്നും ആടുകളെ രക്ഷിക്കേണ്ട ഉത്തരവാദിത്വം തീർച്ചയായും മൂപ്പന്മാർക്കാണ്. തിത്തൊസ് 1:9-11-ൽ, പൗലൊസ് പറഞ്ഞു മൂപ്പന്മാർ "വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനും ... പത്ഥ്യോപദേശത്താൽ പ്രബോധിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണം," കാരണം അവർ "വൃഥാ വാചാലന്മാരും വഞ്ചകന്മാരും, പല മത്സരികളും, പ്രത്യേകിച്ച് പരിഛേദനക്കാരിൽ നിന്നുള്ളവർ ആയിരുന്നു" അവരെ, "മിണ്ടാതാക്കേണം" എന്നവൻ, പറഞ്ഞു. മൂപ്പന്മാർ വഹിക്കേണ്ട ഏറ്റവും പ്രധാനമായ പങ്കാണ് സഭയെ ദുരുപദേശത്തിൽ നിന്നു സംരക്ഷിക്കുക എന്നത്.

മിക്ക കാര്യങ്ങളിലും മൂപ്പന്മാർ മാതൃകയാലും, കഠിനാദ്ധ്വാനത്താലും ലക്ഷ്യത്തിൽ എത്തേണ്ട ഉത്സാഹത്തോടെയും നയിച്ചുകൊണ്ടിരിക്കണം. എങ്ങനെയായാലും, ദുരുപദേഷ്ടാക്കളെ സംബന്ധിച്ചു, മൂപ്പന്മാർക്കു തികഞ്ഞ ഉത്തരവാദിത്വമുണ്ട്. ദുരുപദേഷ്ടാക്കൾ ആട്ടിൻ കൂട്ടത്തെ നയിക്കുകയാണെങ്കിൽ അവർ എന്നേക്കുമായി നഷ്ടപ്പെടുമെന്നതുകൊണ്ട്, മൂപ്പന്മാർ സത്യത്തിനുവേണ്ടി നിലകൊള്ളുകയും, നിയമപരവും, ധാർമ്മികവും നീതിപൂർവ്വവുമായി ആട്ടിൻകൂട്ടത്തെ ദുരുപദേഷ്ടാക്കളിൽ നിന്നു സംരക്ഷിക്കേണ്ടതുണ്ട്.

*നാലാമതു, മൂപ്പന്മാർ ആട്ടിൻകൂട്ടത്തെ മേയ്ക്കുന്നവരാകണം.* എഫെസ്യർ 4:11-ൽ അവരെ "ഇടയന്മാർ" അല്ലെങ്കിൽ "മേയ്ക്കുന്നവർ" എന്നാണ് വിളിച്ചിരിക്കുന്നത്. പ്രവൃത്തികൾ 20:28-ൽ (എൻആർഎസ്വി) "ദൈവത്തിന്റെ സഭയെ പോറ്റുകയും" എന്നും 1 പത്രൊസ് 5:2-ൽ "ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ നടത്തുകയും [അല്ലെങ്കിൽ ഇടയൻ]" എന്നുമാണ്.

"മേയ്ക്കലിൽ" എന്താണ് അടങ്ങിയിരിക്കുന്നത്? അതിൽ ദുരുപദേഷ്ടാക്കളിൽ നിന്നും കൂട്ടത്തെ സംരക്ഷിക്കുന്നത് ഉൾപ്പെടുന്നു, എന്നാൽ അതോടൊപ്പം അവരെ പോറ്റുകയും (ഉപദേശിക്കയും) അല്ലെങ്കിൽ അവർക്കുവേണ്ട ആത്മിയാഹാരം (അവരെ ഉപദേശിക്കൽ) കിട്ടുന്നുണ്ടോ എന്നും മറ്റും നോക്കുന്നതും ഉൾപ്പെടുന്നു.

"ആട്ടിൻകൂട്ടത്തെ മേയ്ക്കൽ" എന്താണെന്നു അറിയുവാൻ, നാം പുരാതന ഇടയന്മാരെ നോക്കേണ്ടതുണ്ട്. ഇന്നു, ആടുകളെ മേയ്ക്കുന്നത് ബൈക്കിൽ വരുന്ന മനുഷ്യരോ അല്ലെങ്കിൽ പട്ടികളോ ആയിരിക്കും. ഇതായിരുന്നില്ല പുതിയ നിയമ കാലത്ത് പൂർവ്വ ദിക്കുകളിലെ സ്ഥിതി! നല്ല ഇടയനെയും അവനു ആടുകളോടുള്ള ബന്ധത്തെയും

അറിയുവാൻ, ലൂക്കൊസ് 15:3-7 പരിഗണിക്കുക: ഇടയൻ പുറത്തു പോകയും, കാണാതെ പോയ ആടിനെ തിരയുകയും, കണ്ടെത്തുവാൻ ചിലപ്പോൾ നല്ല വില കൊടുക്കേണ്ടതായും വരും. യോഹന്നാൻ 10:1-17 വരെ നോക്കുക: നല്ല ഇടയൻ ആടുകളെ പേർ ചൊല്ലി വിളിക്കും ... അവൻ അവർക്കു മുമ്പായി നടക്കും ... അവൻ തന്റെ ജീവനെ അവർക്കായി വെച്ചുകൊടുക്കും ... അവൻ അവരെ അറിയുകയും ചെയ്യും. സങ്കീർത്തനങ്ങൾ 23 ചിന്തിക്കുക: ഇടയൻ ഉള്ളതുകൊണ്ടു, ആടുകൾക്കു പറയാം, "എനിക്കു മുട്ടില്ല." ഇടയൻ അവർക്കു നല്കുന്ന തുകൊണ്ടാണ് അവർക്കു മുട്ടില്ലാത്തത്.

അതിനു വിപരീതമായിട്ടായിരുന്നു യിസ്രായേലിലെ ദുഷ്ടരായ ഇട യന്മാർ (ഉദാഹരണമായി രാജാക്കന്മാരും, പ്രഭുക്കന്മാരും കള്ളപ്രവാച കന്മാരും) അത് യെഹെസ്കേൽ 34:2-6 വരെ വിവരിച്ചിട്ടുണ്ട്:

> "... യിസ്രായേലിന്റെ ഇടയന്മാരെ കുറിച്ചു പ്രവചിക്ക. നീ പ്രവചിച്ചു അവരോടു ഇടയന്മാരോടു തന്നേ പറയേണ്ടത്, 'യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു, "തങ്ങളെത്തന്നേ മേയി ക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്കു, അയ്യോ കഷ്ടം! ആടുക ളെയല്ലയോ ഇടയന്മാർ മേയിക്കേണ്ടത്? നിങ്ങൾ മേദസ് തിന്നു കയും ആട്ടു രോമം ഉടുക്കയും, തടിച്ചിരിക്കുന്നവയെ അറുക്കയും ചെയ്യുന്നു ആടുകളെ നിങ്ങൾ മേയിക്കുന്നില്ല താനും. നിങ്ങൾ ബല ഹീനമായതിനെ ശക്തീകരിക്കയോ, ദീനം പിടിച്ചതിനെ ചികിത്സി ക്കയോ, ഒടിഞ്ഞതിനെ മുറിവു കെട്ടുകയോ, ചിതറിപ്പോയതിനെ തിരിച്ചു വരുത്തുകയോ, കാണാതെ പോയതിനെ അന്വേഷിക്കയോ ചെയ്യാതെ; കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചി രിക്കുന്നു. ഇടയൻ ഇല്ലായ്ക കൊണ്ടു അവ ചിതറിപ്പോയി, ചിതറി പ്പോയിട്ട് അവ കാട്ടിലെ സകല മൃഗങ്ങൾക്കും ഇരയായി തീർന്നു. എന്റെ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നു നടന്നു, ഭൂതലത്തിൽ ഒക്കെയും എന്റെ ആടുകൾ ചിതറി പോയി; ആരും അവയെ തിരകയോ അന്വേഷിക്കയോ ചെയ്തി ല്ല."'"

*അഞ്ചാമതു, മൂപ്പന്മാർ കൂട്ടത്തിലെ ആത്മാക്കളെ സൂക്ഷിക്കണം.* എബ്രായർ 13:17 പറയുന്നു, "നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു, കീഴ ടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ, നിങ്ങ ളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു. ഇതു അവർ ഞരങ്ങി ക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ, അല്ലാ ഞ്ഞാൽ നിങ്ങൾക്കു നന്നല്ല." "മൂപ്പൻ" എന്നതിനു സാധാരണ ഉപയോ ഗിക്കുന്ന ഗ്രീക്ക് വാക്ക് ഒന്നും ഇവിടെ ഉപയോഗിച്ചിട്ടില്ല; എന്നാൽ സഭ യിൽ മറ്റാരെയും അദ്ധ്യക്ഷൻ എന്നു ചൂണ്ടി കാണിക്കാത്തതുകൊണ്ട്, "മൂപ്പന്മാരെ" "അദ്ധ്യക്ഷന്മാർ" എന്നു സൂചിപ്പിച്ചിരിക്കുന്നു എന്നത് സ്പഷ്ടമാണ്. ഈ അദ്ധ്യായത്തിലെ "മൂപ്പന്മാരുടെ" അഥവാ "അദ്ധ്യ ക്ഷന്മാരുടെ" ജോലി എന്തെന്നാൽ ആത്മാക്കളെ കാത്തുസൂക്ഷിക്കു

ക എന്നതാണ്, ആ ഉത്തരവാദിത്വത്തിന് അവർ ഒരു ദിവസം ദൈവത്തിനു കണക്കു കൊടുക്കേണ്ടതായിട്ടുണ്ട്.

ഈ കല്പനയിൽ വളരെയധികം ഉത്തരവാദിത്വമുള്ളതായി സൂചിപ്പിക്കുന്നു. ഒരു ഉപദേഷ്ടാവു പറഞ്ഞു മുൻപുണ്ടായിരുന്ന ഒരംഗം മരിക്ക കൊണ്ട് മൂപ്പൻ മൃതശരീരത്തിനടുത്തുകൂടെ കടന്നുപോകുമ്പോൾ, അയാളോടു സ്വയം ചോദിക്കണം, "ആ സഹോദരൻ ജീവിച്ചിരുന്നപ്പോൾ (സഹോദരിയായാലും) സ്വർഗ്ഗത്തിൽ പോകുവാനുള്ള എല്ലാം ഞാൻ ചെയ്തിട്ടുണ്ടോ?" കൂടാതെ, ഈ കല്പനയിൽ പ്രത്യേകമായ ഉത്തരവാദിത്വവും അടങ്ങിയിട്ടുണ്ട്. മൂപ്പന്മാർ ആത്മാക്കളെ നേടേണ്ട ഉത്തരവാദിത്വത്തിലാണെങ്കിലും, അവരുടെ പ്രാഥമിക ഉത്തരവാദിത്വം കൂട്ടായ്മയിലായി കഴിഞ്ഞവരോടാണ്. അവിടെയാണ് അവർ തങ്ങളുടെ പരിശ്രമങ്ങൾ ശ്രദ്ധിക്കേണ്ടത്.

*ആറാമതു, മൂപ്പന്മാർ, ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരുമൊത്ത്, ഓരോ അംഗത്തെയും സഭയെ പണിയുന്നതിനു പ്രാപ്തരാക്കുവാൻ സഹായിക്കണം.* അതാണ് എഫെസ്യർ 4:11, 12 ലെ സന്ദേശം: "അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നതു, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനെക്കു, വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിന്നായുള്ള ശുശ്രൂഷയുടെ വേലെക്കു ആകുന്നു." അതുകൊണ്ടു, ഒരു മൂപ്പന്റെ (അല്ലെങ്കിൽ ഉപദേഷ്ടാവിന്റെയോ, സുവിശേഷകന്റെയോ) അളവു എന്നു പറയുന്നത് അവൻ എത്രത്തോളം സേവിക്കുന്നു എന്നതല്ല, എന്നാൽ അയാൾ നയിക്കുന്ന അംഗങ്ങൾക്ക് സേവിക്കുവാൻ സാധിച്ചോ എന്നും, പ്രത്യേകിച്ചു, അയാൾക്ക് അവരെ സേവിക്കുന്നതിൽ, സഹായിക്കുവാൻ സാധിച്ചോ എന്നുമാണ്.

## മൂപ്പന്മാരുടെ നേതൃത്വത്തോടു ഇടവക എങ്ങനെ പ്രതികരിക്കണം?

*സഭാംഗങ്ങൾ സ്വയമായി നേതൃത്വത്തെ പിൻപറ്റണം.* മൂപ്പന്മാർക്കു നിർദ്ദേശം കൊടുത്തുകൊണ്ട്, പത്രൊസ് എഴുതി, "അവ്വണ്ണം, ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ" (1 പത്രൊസ് 5:5). അവൻ മൂപ്പന്മാരെ സഭയിലെ "ഉദ്യോഗം നടത്തുന്നവർ" എന്നു പറഞ്ഞിരിക്ക കൊണ്ട്, യൗവ്വനക്കാർ എന്നു പറഞ്ഞിരിക്കുന്നതു, ഇടവകയിലെ മറ്റംഗങ്ങളെയാണ്. എബ്രായർ 13:17-ൽ ക്രിസ്ത്യാനികളോടു പറഞ്ഞു, "നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു, അവർക്കു കീഴടങ്ങിയിരിപ്പിൻ."

അംഗങ്ങൾ എന്തുകൊണ്ട് സന്തോഷത്തോടെ മൂപ്പന്മാരെ പിൻപറ്റണം? ഒന്നാമതു, അവർ ആ പ്രവൃത്തിക്ക് പ്രത്യേക യോഗ്യത നേടിയവരാണ് (1 തിമൊഥെയൊസ് 3; തീത്തൊസ് 1). അത്തരം യോഗ്യതകൾ ഉള്ളവർ പിൻപറ്റുവാൻ അർഹരാണ്. രണ്ടാമതു, മൂപ്പന്മാരെ "നിയമിക്കുന്ന" തിൽ ഇടവകയ്ക്ക് ഒരു പങ്കുണ്ടായിരുന്നു. ഒരിക്കൽ മൂപ്പന്മാരെ നിയമിച്ചു കഴിഞ്ഞാൽ ഇടവകക്ക് മൂപ്പന്മാരെ അംഗീകരിക്കുവാനുള്ള ബാധ്യതയുണ്ട് (ചിലർക്ക് യോഗ്യതകൾ ഇല്ലാതെ വന്നാൽ - അവർക്കു

വേണമെങ്കിൽ വിറ്റോ പവർ ഉപയോഗിക്കാം). മൂന്നാമതു, പരിശുദ്ധാത്മാവാണ് അവരെ മേൽ നോട്ടത്തിനു ആക്കിയത് (പ്രവൃത്തികൾ 20:28). പരിശുദ്ധാത്മാവു ദൈവശ്വാസിയമായി നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു, പുരുഷന്മാരെ മൂപ്പന്മാരായി നിയമിച്ചു കഴിഞ്ഞാൽ, അവർ ആ പ്രവൃത്തിക്കു ദൈവത്താൽ നിയമിക്കപ്പെടുകയാണ്.

*ഇടവക മൂപ്പന്മാരെ ബഹുമാനിക്കണം.* പൗലൊസ് എഴുതി, "നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക" (1 തിമൊഥെയൊസ് 5:17). സന്ദർഭം വ്യക്തമാക്കുന്നത് "ഇരട്ടി മാനം" എന്നതിൽ അവരുടെ ജോലിയും ശമ്പളവും ഉൾപ്പെടുന്നു. "രണ്ടാമത്തെ മാനം," ശമ്പളം ആണെങ്കിൽ, ഒന്നാമത്തെ മാനം അവരുടെ സ്വഭാവവും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കാക്കി, സ്വതന്ത്രമായി കൊടുക്കുന്ന ബഹുമാനമാണ്.

ദരിദ്രരായ പിൻഗാമികളാകുന്നത് ക്രിസ്ത്യാനികൾ ഒഴിവാക്കണം. നാം സാധാരണ സഭയുടെ മോശമായ സ്ഥിതിക്ക് നേതൃത്വത്തെ കുറ്റപ്പെടുത്തും. മോശമായ നേതൃത്വം ചില സാഹചര്യത്തിൽ മോശമായ "പിൻഗാമികളെ" ആക്കിത്തീർക്കും: മൂപ്പന്മാർ അവരുടെ പങ്ക് നിർവ്വഹിക്കും, എന്നാൽ അംഗങ്ങൾ അകാരണമായി പിൻപറ്റുന്നത് നിരസിക്കും!

### മൂപ്പന്മാർ എങ്ങനെയാണ് നയിക്കേണ്ടത്?

മൂപ്പന്മാർ സഭയെ നയിക്കണമെന്നും സഭ മൂപ്പന്മാരെ പിൻപറ്റണമെന്നും പറയുന്നതുകൊണ്ട് ഇന്നു സഭയുടെ കുഴപ്പങ്ങൾക്കു പരിഹാരമാവുകയില്ല. മൂപ്പന്മാർ *എങ്ങനെ*യാണ് നയിക്കേണ്ടത്?

രാജാക്കന്മാരും അധികാരികളും നയിക്കുന്നതുപോലെയാണോ അവർ നയിക്കേണ്ടത്? അവർ സൈന്യത്തിലെ കമാന്റർ ജെനറൽ പോലെയും ഹവീൽദാരായും ആണോ നയിക്കേണ്ടത്? ഒരുപക്ഷെ അവർ നയിക്കേണ്ടത് അദ്ധ്യാപകർ അല്ലെങ്കിൽ കോച്ചുമാർ നയിക്കുന്നതുപോലെയാണോ? മാതാപിതാക്കൾ നയിക്കുന്നതുപോലെയാണോ അവർ നയിക്കേണ്ടത്? അവരുടെ നേതൃത്വത്തിനു തുല്യമായ നേതൃത്വം വേറെയുണ്ടോ?

മൂപ്പന്മാർക്കു അവരുടെ നേതൃത്വം എന്ന ആശയം ബൈബിളിൽ നിന്നുമാത്രം ഉരുത്തിരിഞ്ഞു വന്നതാണെങ്കിൽ, "എങ്ങനെ" നയിക്കണം എന്നതിനെ കുറിച്ചു വളരെ കുറഞ്ഞ അഭിപ്രായ വ്യത്യാസമേ ഉണ്ടാകുവാനിടയുള്ളൂ. മൂപ്പന്മാരായി നിയമിക്കപ്പെടുന്ന പുരുഷന്മാർ അവരെ സ്വാധീനിച്ചതായ അവരുടെ അനുഭവങ്ങളുടെ കാഴ്ച്ചപ്പാടിൽ നേതൃത്വത്തെ കാണുന്നതാണ് പ്രശ്നം. അവർ മുൻപു ബിസിനസിലോ, സൈന്യത്തിലോ, സ്പോർട്സിലോ, അവരുടെ കുടുംബങ്ങളിലോ നായകന്മാരായി പിൻപറ്റുന്നവരോ ആയിരുന്നേക്കാം. അപ്പോൾ ഒന്നോ അതിലധികമോ അനുഭവങ്ങളുടെ പശ്ചാത്തലത്തിന് യോജിച്ചതായി തോന്നുന്ന നേതൃത്വരീതിയാണ് സഭയിലും ഉപയോഗിക്കേണ്ടത് എന്നവർ വിചാരിച്ചേക്കാം.

പലപ്പോഴും നേതൃത്വരീതികൾക്കു "ബിസിനസ് മാതൃക" തിരഞ്ഞെടുക്കുന്നത് പാശ്ചാത്യലോകത്തിലെ സഭയുടെ പ്രത്യേകതയാണ്. മൂപ്പ

ന്മാർ “ഡയറക്ടർ ബോർഡ്,” കൂടുന്നതുപോലെ കൂടുകയും ഒരു ഉപദേഷ്ടാവിനെ ശമ്പളം നൽകി “ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ,” ആക്കുകയും, അവർക്കു “കീഴിൽ ഉള്ള,” കാര്യങ്ങളിൽ ശ്രദ്ധിക്കയും വേണം, അതിൽ എണ്ണം, പണം, കെട്ടിടങ്ങൾ എന്നിവയെ വ്യത്യാസം കൂടാതെ നോക്കേണ്ടതു ഉൾപ്പെടുന്നു. “കമ്പനിക്കു” വേണ്ടി തീരുമാനങ്ങൾ എടുക്കുന്നത്അവരുടെ പ്രാഥമിക ജോലിയായി അവർ കാണുന്നു. അവർ നയങ്ങൾ രൂപീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യും. അതിലുപരി, അവരുടെ “ജോലിക്കാർ” ഉല്പാദനത്തിൽ വീഴ്ച്ച വരുത്തിയാൽ, അവരെ അവർ ശാസിക്കയും ചെയ്യും.

ഇതു ബൈബിൾ പരമോ? നേതൃത്വം “എങ്ങനെയായിരിക്കണം” എന്നതിനെ കുറിച്ച് പുതിയ നിയമം എന്തെങ്കിലും പറയുന്നുണ്ടോ? ആ ചോദ്യത്തിനുള്ള ഉത്തരം ആയ ഒരു വേദഭാഗം നോക്കുന്നതിനുമുൻപു, നമുക്ക് തെറ്റായ ആശയങ്ങളെ വ്യക്തമാക്കേണ്ടതും ഈ ചോദ്യത്തെ സംബന്ധിച്ചു മുൻപു പറഞ്ഞതിനെ പ്രാബല്യത്തിൽ വരുത്തേണ്ടതുമുണ്ട്.

തെറ്റായ ഊഹോപോഹങ്ങളും തെറ്റായ തീർപ്പുകളും നമുക്കു ഒഴിവാക്കാം. സാർവ്വത്രിക സഭയുടെ ചിത്രം നമുക്കുള്ളതിന്റെ അടിസ്ഥാനത്തിൽ ചിലർ വിചാരിക്കുന്നതു മൂപ്പന്മാർക്കു സ്വേഛാധികാരം ഉണ്ടെന്നാണ്. സഭ ഒരു കുടുംബത്തെ പോലെ ആയിരിക്കുമ്പോൾ, മൂപ്പന്മാർക്കു പ്രാദേശിക സഭയിൽ നൽകിയിരിക്കുന്ന സ്ഥാനം ഒരു പിതാവിനു കുടുംബത്തിലുള്ള സ്ഥാനം പോലെയായിരിക്കും; അതുകൊണ്ടു, അവരുടെ ഇഷ്ടം പ്രാദേശിക സഭയിൽ അടിച്ചേല്പിക്കാൻ അവർക്ക് അധികാരമുണ്ട്. അതിനുപകരമായി, നമുക്കു പറയാം സഭ ഒരു രാജ്യം ആകയാൽ, ക്രിസ്തു മൂപ്പന്മാരെ പ്രാദേശിക സഭയിൽ ആക്കിയിരിക്കുന്നതും അവന്റെ അധികാരത്തിൽ അവരെ പ്രതിനിധികൾ ആക്കിയിരിക്കുന്നതും അവന്റെ ഇഷ്ടം നടപ്പാക്കുവാനാണ്.

ഈ വിവേചനത്തിന്റെ പ്രശ്നം എന്തെന്നാൽ നാം സർവ്വദേശിയമായ സഭയെ കുറിച്ചുള്ള ഉപദേശങ്ങൾ പഠിപ്പിക്കരുത് എന്ന് പറഞ്ഞ് പ്രാദേശികമായ സഭയെ സംബന്ധിച്ച് ഉദ്ദേശിക്കാത്ത ഉപദേശം പഠിപ്പിക്കുവാൻ ശ്രമിക്കും എന്നതാണ്. മുകളിൽ പറഞ്ഞ വിവേചനം സ്വീകരിക്കുക എന്നതു റോമൻ കത്തോലിക്കാ സഭയോടും അതിന്റെ ലോക വ്യാപകമായ സഭയുടെ സംഘടനയുടെ കാഴ്ച്ചപ്പാടിനോടും ചേരുക എന്നതാണ്.

നേതൃത്വം “എങ്ങനെ” എന്നതിനെ കുറിച്ചുള്ള സൂചനകളാണ് ഈ പാഠത്തിൽ അധികവും പറഞ്ഞിട്ടുള്ളതിൽ ഉൾപ്പെടുന്നത്. ആദ്യം, മൂപ്പന്മാരെ മറ്റുള്ളവരുടെ മുകളിൽ ആക്കാതിരിക്കേണ്ടതിനാണ് നേതൃത്വം ദാനമാണ് എന്നു പറയുവാൻ കാരണം. രണ്ടാമതു, “മൂപ്പന്മാർ” എന്നു സഭയിലെ അദ്ധ്യക്ഷന്മാരെ വിളിച്ചിരിക്കുന്നത് അവർ മാതൃകയാലും ഉപദേശത്താലും, ബുദ്ധിയോടെ നയിക്കേണ്ടതിനാണ്. മൂന്നാമതു, മൂപ്പന്മാരെ അദ്ധ്യക്ഷന്മാർ, അല്ലെങ്കിൽ മേൽനോട്ടം നടത്തുന്നവർ എന്നു വിളിച്ചിരിക്കുന്നത് സൂചിപ്പിക്കുന്നത്, അവർ നയിക്കുന്നവരോടു കൃപാമനോഭാവം പുലർത്തിയിരുന്നു എന്നാണ്. നാലാമതു, മൂപ്പന്മാരെ ഇടയന്മാർ, അല്ലെങ്കിൽ മേയ്ക്കുന്നവൻ എന്നു വിളിച്ചിരിക്കുന്നതു

സൂചിപ്പിക്കുന്നതു, അവർ കൂട്ടത്തെ, വലിക്കുകയല്ല, നയിക്കുകയാണ് വേണ്ടത് എന്നാണ്. അവർ ആടുകളെ അറിയുകയും ആടുകൾ അവരെ അറിയുകയും വേണം; അവർ ആടുകളോടൊപ്പം, അവർക്കിടയിൽ ജീവിക്കണം. അവരുടെ പ്രയത്നം ആടുകളുടെ പ്രയോജനത്തിനും, ആടുകൾക്ക് ഏറ്റവും നല്ലതു ചെയ്യുവാനും (തങ്ങൾക്കായിട്ടല്ല) അവർക്കുവേണ്ടി മരിക്കുവാൻ തക്കവണ്ണം അവയെ സ്നേഹിക്കണം! അഞ്ചാമതു, അവർ ദൈവത്തോടു കണക്കു കൊടുക്കേണ്ടവരായതു കൊണ്ട്, സഭയുടെ ആത്മാക്കളെ നോക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, അവരുടെ നേതൃത്വം പ്രാഥമികമായി കെട്ടിടങ്ങളെയും, പ്രോഗ്രാമുകളെയും, കണക്കുകളെയും കുറിച്ചല്ല, എന്നാൽ വ്യക്തികളെ കുറിച്ചാണെന്നാണ് പറയുന്നത്!

മൂപ്പന്മാർ **"എങ്ങനെ"** നയിക്കണമെന്നു 1 പത്രൊസ് 5:1-6 വരെ വെളിപ്പെടുത്തിയിരിക്കുന്നു:

> നിങ്ങളിലുള്ള മൂപ്പന്മാരെ, ഒരു കൂട്ടു മൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും, വെളിപ്പെടുവാനുള്ള തേജസിനു കൂട്ടാളിയുമായ, ഞാൻ പ്രബോധിപ്പിക്കുന്നതു, നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ, നിർബ്ബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം; മനപ്പൂർവ്വമായും, ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും; ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായി തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്‌വിൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും. അവ്വണ്ണം, ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ; എല്ലാവരും, തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു കൊൾവിൻ, ദൈവം നിഗളികളോടു എതിർത്തു നിൽക്കുന്നു, താഴ്മയുള്ളവർക്കോ കൃപ നല്കുന്നു.
>
> അതുകൊണ്ടു, അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ, ദൈവത്തിന്റെ ബലമുള്ള കൈകീഴ് താണിരിപ്പിൻ.

മൂപ്പന്മാർ എങ്ങനെ നയിക്കണം എന്ന ചോദ്യത്തിനു, പത്രൊസ് വെളിപ്പെടുത്തിയത്, ഒന്നാമതു, അപ്പൊസ്തലനും (ഒരു ഉപദേഷ്ടാവു, ആക കൊണ്ട്) മൂപ്പൻ ആകുവാൻ കഴിഞ്ഞിരുന്നു (വാ.1). രണ്ടാമതു, മൂപ്പന്മാർക്കു പ്രത്യേക ജോലി കൊടുത്തിരുന്നതായി അവൻ വെളിപ്പെടുത്തി: അവരുടെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തെ മേയ്ക്കുക (വാ. 2). ആ കൂട്ടം അവരുടെ വിചാരണയിലാണെങ്കിലും, "അവരുടെ" കൂട്ടം അല്ല, എന്നത് ശ്രദ്ധിക്കണം. ക്രിസ്തുവാണ് "ഇടയ ശ്രേഷ്ഠൻ" (1 പത്രൊസ് 5:4); അതു അവന്റെ കൂട്ടമാണ്. ദൈവം അവരെ ഏല്പിച്ചിരിക്കുന്നവരുടെ വിചാരകന്മാർ മാത്രമാണ് മൂപ്പന്മാർ. മൂന്നാമതു, മൂപ്പന്മാർ എങ്ങനെ തങ്ങളുടെ ജോലി നിർവ്വഹിക്കണം എന്നു പറഞ്ഞിരിക്കുന്നതായും പത്രൊസ് വെളിപ്പെടുത്തി (വാ. 2, 3). മൂപ്പന്മാർ എങ്ങനെ നയിക്കണം എന്നു വിവരിക്കുന്ന, ഓരോന്നിലും ക്രിയാത്മകവും നിഷേധവും അട

ങ്ങുന്ന, മൂന്നു ജോഡി പദ പ്രയോഗങ്ങൾ ഈ വേദഭാഗത്തിലുണ്ട്: അവർ നിർബ്ബന്ധത്താൽ നയിക്കരുത്, പക്ഷെ സ്വയമായി; ഭൗതിക നേട്ടത്തിനായിരിക്കരുത്, എന്നാൽ താല്പര്യത്തോടെ; അവരുടെ വിചാരണയിലുള്ളവർക്കുമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, എന്നാൽ ആട്ടിൻ കൂട്ടത്തിനു മാതൃകയായിട്ടത്രേ. നാലാമതു, മൂപ്പന്മാർ തങ്ങളുടെ ജോലി നന്നായി ചെയ്താൽ അവർക്കു പ്രതിഫലം ലഭിക്കും (വാ. 4). അഞ്ചാമതു, യൗവ്വനക്കാരായ ക്രിസ്ത്യാനികൾ മൂപ്പന്മാർക്കു കീഴടങ്ങിയിരിക്കേണം (വാ. 5). ആറാമതു, ഓരോരുത്തരും തമ്മിൽ തമ്മിൽ കീഴടങ്ങിയിരിക്കേണം! (വാ. 5). ഏഴാമതു, എല്ലാവരും ദൈവമുൻപാകെ കീഴ്പ്പെട്ടിരിക്കണം (വാ. 6).

മൂപ്പന്മാർ തങ്ങളുടെ വിചാരണയിലുള്ളവരെ "കർത്തൃത്വം നടത്തരുത്" എന്നതിന്റെ അർത്ഥം എന്ത്? അതിനർത്ഥം അവർ അധികാരികളെപ്പോലെ, യജമാനന്മാരെപോലെ, അല്ലെങ്കിൽ പോലീസുകാരെ പോലെ നയിക്കരുത് എന്നാണ്. അതുമല്ലെങ്കിൽ കോച്ചുകളെ പോലെയോ, രക്ഷിതാക്കളെ പോലെയോ, അവരുടെ ചില അതിരുകൾക്കുള്ളിൽ നിന്നു, അവർ നയിക്കേണ്ടവരുടെ മേൽ തികഞ്ഞ അധികാരത്തോടെ നയിക്കരുത് എന്നാണ്.

*മൂപ്പന്മാർ സ്വേഛാധിപന്മാർ അല്ല!* 1 പത്രൊസ് 5:5-ൽ ഇളയവർ മൂപ്പന്മാർക്കു കീഴടങ്ങിയിരിക്കട്ടെ എന്നു പറഞ്ഞിട്ടുണ്ടെങ്കിലും, വാക്യം 6 തുടർന്നു പറയുന്നതു ഓരോരുത്തരും തമ്മിൽ തമ്മിൽ കീഴടങ്ങിയിരിക്കട്ടെ എന്നത്രേ! മറ്റൊരു വാക്കിൽ, ചില അർത്ഥത്തിൽ, മൂപ്പന്മാർ ഇളയവർക്ക് താഴ്മ കാണിച്ചു കൊടുക്കണം.

*മൂപ്പന്മാർക്ക് നേതൃത്വത്തിലേക്കുള്ള വഴി എന്താണ്?* അവർ നയിക്കുന്നത്, ആദ്യം, *മാതൃക ആയിട്ടാണ്* (1 പത്രൊസ് 5:3). മറ്റംഗങ്ങൾ എങ്ങനെ ആയിരിക്കണോ അവർ എന്തു ചെയ്യണമെന്നു ആഗ്രഹിക്കുന്നുവോ അവർ അങ്ങനെ പ്രവർത്തിക്കണം.

രണ്ടാമതു, അവർ നയിക്കുന്നത്, ശരിയായ ഉപദേശമാണോ ഉപദേശിക്കുന്നത് എന്നു നോക്കുകയും *ഉപദേശിക്കുകയും* ചെയ്തുകൊണ്ടാണ് (പ്രവൃത്തികൾ 20:28; 1 തിമൊഥെയൊസ് 3:2; 5:17; തിത്തൊസ് 1:9-16). ആളുകളെ മാറ്റുവാനുള്ള ശക്തി ഉപദേശത്തിനുണ്ട്. ഉപദേശത്താൽ ആഗ്രഹിക്കത്തക്ക മാറ്റം ഫലപ്രദമായി വരുത്തുവാൻ മൂപ്പന്മാർ ശ്രമിക്കണം.

മൂന്നാമതു, അവർ നയിക്കുന്നതു, *പ്രേരിപ്പിച്ചും ഉത്തേജിപ്പിച്ചും* കൊണ്ടാണ്. പുതിയ നിയമ സഭയിൽ ആർക്കെങ്കിലും അധികാരം ഉണ്ടായിരുന്നെങ്കിൽ, അതു അപ്പൊസ്തലന്മാർക്കായിരുന്നു. മറ്റു അപ്പൊസ്തലന്മാർക്കുണ്ടായിരുന്നതുപോലെ അധികാരമായിരുന്നു പൗലൊസിനും ഉണ്ടായിരുന്നത്, എങ്കിലും പൗലൊസ് എങ്ങനെ നയിച്ചു എന്നു ശ്രദ്ധിക്കുക, അതു തന്റെ ലേഖനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. തന്റെ സ്വാധീനത്തിൽ ഉണ്ടായിരുന്ന ഇടവകകളെ പൗലൊസ് ഉത്തേജിപ്പിക്കുവാനും പഠിപ്പിക്കുവാനും ശ്രമിച്ചത് ശരിയായ കാര്യങ്ങൾ ചെയ്യുവാനാണ്. അതുപോലെ, മൂപ്പന്മാർ അവരുടെ വിചാരണയിലുള്ളവരെ ശരിയായതു ചെയ്യുവാൻ ഉപദേശിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തു

ശ്രദ്ധയോടെ നയിക്കണം.

തീരുമാനം-എടുക്കുക മാത്രമല്ല മൂപ്പന്മാരുടെ മുഖ്യ ഉത്തരവാദിത്വം. എന്നിരുന്നാലും, അവർ സഭയ്ക്കുവേണ്ടി തീരുമാനങ്ങൾ എടുക്കുന്നു. അടിസ്ഥാനപരമായി, അവർ രണ്ടു മേഖലകളിൽ തീരുമാനം എടുക്കണം.

*വിശ്വാസത്തിന്റെ പേരിലാണ് ചില തീരുമാനങ്ങൾ എടുക്കേണ്ടത്.* ഉദാഹരണമായി, സത്യം പഠിപ്പിക്കുന്നുണ്ടോ എന്ന കാര്യം മൂപ്പന്മാർ തീരുമാനിക്കണം, സത്യം പ്രസംഗിക്കാനിടയില്ലാത്ത പ്രാസംഗികനെ അതിഥിയായി പ്രസംഗിക്കുവാൻ ക്ഷണിക്കണോ, അതോ സത്യം സംസാരിക്കാത്ത പ്രാസംഗികനെ **"**വിളിക്കാ-തിരിക്കണോ**"** (ശാസിക്കണോ) എന്നു മൂപ്പന്മാർ തീരുമാനിക്കണം. ഒരർത്ഥത്തിൽ, അവർ സത്യം എന്താണ് എന്നതിനെ കുറിച്ചു ഒരു തീരുമാനവും എടുക്കുന്നില്ല; അതു അവർക്കു വേണ്ടി ബൈബിളിൽ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. വിശ്വാസത്തിന്റെ, അല്ലെങ്കിൽ ആവശ്യത്തിന്റെ കാര്യത്തിൽ, സത്യം ഉപദേശിക്കുന്നുണ്ടോ, എന്നു ഉറപ്പു വരുത്തുകയാണ് അവരുടെ ജോലി.

*അഭിപ്രായ വിഷയത്തിലാണ് മറ്റു തീരുമാനങ്ങൾ എടുക്കേണ്ടത്.* ഉദാഹരണത്തിനു, വണ്ടികൾ പാർക്ക് ചെയ്യേണ്ടതു എവിടെയാണെന്നു മൂപ്പന്മാർ തീരുമാനിക്കണം. അവരുടെ തീരുമാനങ്ങൾ കൂടുതലും അഭിപ്രായ വിഷയത്തിലുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നു, മനസ്സിലാക്കാം.

അഭിപ്രായ വിഷയത്തിൽ മൂപ്പന്മാർ ഒരു തീരുമാനം എടുത്താൽ, അവരുടെ അടുത്ത ജോലി അംഗങ്ങളെ അതു പഠിപ്പിച്ചു ചെയ്യുവാൻ പ്രേരിപ്പിക്കുക എന്നതാണ്. മൂപ്പന്മാർക്കു അഭിപ്രായത്തിന്റെ വിഷയത്തിലുള്ള അവരുടെ തീരുമാനം ഭൂരിഭാഗം അംഗങ്ങളെക്കൊണ്ടു ചെയ്യിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, ആ തീരുമാനം മാറ്റുകയോ ഒന്നു കൂടി അതു ചിന്തിക്കുകയോ ചെയ്യണം. അഭിപ്രായ കാര്യങ്ങളിൽ ആടുകൾ ഇടയന്മാരെ പിൻപറ്റുന്നില്ലെങ്കിൽ, പിന്നെ ആ പാതയിൽ തുടരുന്നതു, ഫല ശൂന്യമെന്നു മാത്രമല്ല, നിരാശാജനകവുമാണ്.

**ഉപസംഹാരം**

*ദൈവം നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ* മൂപ്പന്മാർ ബുദ്ധിയോടെ കാര്യങ്ങൾ നിർവ്വഹിക്കുകയും, പുതിയ നിയമത്തിൽ പഠിപ്പിച്ചതു പോലെ അംഗങ്ങൾ മൂപ്പന്മാരോടു പെരുമാറുകയും ചെയ്താൽ, ഗൗരവമായ പ്രശ്നങ്ങൾ, എപ്പോഴെങ്കിലും, ഉണ്ടാകുന്നതു വിരളമായിരിക്കും.

© 2009 Truth for Today